**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3248** **25-10-2021 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിന് കെ-ടെറ്റ് പാസാകണമെന്നുള്ള നിബന്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിന് കെ-ടെറ്റ് പാസാകണമെന്നുള്ള നിബന്ധനയിൽ ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) | എയ്ഡഡ് സ്കൂളുകളിൽ 2019-20 അദ്ധ്യയന വർഷം വരെ നിയമിതരായ അദ്ധ്യാപകർക്ക് 12.02.2021 ലെ സ.ഉ(കൈ) നമ്പർ.58/2021/പൊ.വി.വ പ്രകാരം കെ-ടെറ്റ് യോഗ്യത നേടുന്നതിന് 2020-21 സ്കൂൾ വർഷാവസാനം വരെ സമയപരിധി അനുവദിച്ചിരുന്നു. |
| (ബി) | കെ-ടെറ്റ് പാസാകാതെ അദ്ധ്യാപക തസ്തികയിൽ ജോലി ചെയ്യുന്ന എത്ര അദ്ധ്യാപകർ നിലവിലുണ്ട്(ഗവൺമെന്റ്, എയ്ഡഡ്); വിശദമാക്കാമോ; | (ബി) | കെ-ടെറ്റ് യോഗ്യത നേടാത്ത 4187 അദ്ധ്യാപകർ നിലവിലുണ്ട്(ഗവൺമെന്റ് - 1017, എയ്ഡഡ് - 3170). |
| (സി) | കോവിഡ് മൂലം കെ-ടെറ്റ് പരീക്ഷ നടക്കാതിരിക്കുകയും ഈ വർഷം എയ്ഡഡ് സ്കൂളുകളിൽ നിയമനം ലഭിക്കുകയും ചെയ്ത അദ്ധ്യാപകർക്ക് കെ-ടെറ്റ് പരീക്ഷ പാസാകുന്നതിൽ ഏതെങ്കിലും തരത്തിലുള്ള ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഇളവുകൾ പ്രഖ്യാപിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ